**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ബുക്ക്മാർക്ക്, സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.3709/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 18/11/2017

പരാമർശം :- കേരളാ സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 03.08.2017 ലെ A/170/17/KSBM നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുന്ന പദ്ധതിയുണ്ടെങ്കിൽ ആയത് ബുക്കമാർക്ക് വഴി വാങ്ങാൻ നിർദ്ദേശം നൽകുന്നത് ഒരു കേരള സർക്കാർ സ്ഥാപനം കൂടിയായ ബുക്കമാർക്കിന്റെ പ്രവർത്തനത്തിന് ഏറെ സഹായകരമാകുമെന്നും, സ്റ്റോർ പർച്ചേസ് മാന്വൽ ഇളവ് ഉള്ളതിനാൽ ക്വട്ടേഷൻ കൂടാതെ ഇവിടെ നിന്നും പുസ്തകങ്ങൾ വാങ്ങാൻ കഴിയും എന്നും കേരളാ സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറി പരാമർശ കത്തിലൂടെ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക്മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവ വഴി വാങ്ങാൻ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരളാ സ്റ്റേറ്റ് ബുക്ക് മാർക്ക്, പൂന്നപുരം, തിരുവനന്തപുരം.
സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (നഗരകാര്യ ഡയറക്ടർ / പഞ്ചായത്ത് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ